I/122452/2023

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര തിരുവനന്തപുരം
തീയതി :21-10-2023
Email -directorate.wcd@kerala.gov.in
Phone : 0471 – 2346534

**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ് –ഐ സി ഡി എസ് 2023 –നവംബർ 01- അങ്കണവാടികളിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നത് –മാർഗ്ഗനിർദേശങ്ങൾ- സംബന്ധിച്ച്.

സൂചന:

വനിത ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലേ പ്രീ സ്കൂൾ കുട്ടികളുടെ എൻറോൾമെൻറ് വർദ്ധിപ്പിക്കുക, കുട്ടികളുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുന്നതിൽ അങ്കണവാടികൾക്കുള്ള പ്രാധാന്യം സംബന്ധിച്ചും , അങ്കണവാടികളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ചും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും എല്ലാ വർഷവും ജൂൺ ,നവംബർ മാസങ്ങളിലെ ആദ്യത്തെ പ്രവർത്തി ദിവസങ്ങളിൽ പ്രവേശനോൽസവം സംഘടിപ്പിക്കാറുണ്ട്. 2023 നവംബർ 01- നു അങ്കണവാടികളിൽ പ്രവേശനോത്സവം പോതുജനപങ്കാളിത്തതോടെ സംഘടിപ്പിക്കേണ്ടതുണ്ട്. ആയതിനു ചുവടെ നൽകിയിരിക്കുന്ന മാർഗ്ഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ് .

ഒക്ടോബർ 26 നകം അങ്കണവാടിയിൽ ALMSC ചേർന്നു പ്രവേശനോത്സവം നടത്തിപ്പ് , പ്രവേശനോത്സവ മുന്നൊരുക്ക പ്രവർത്തനങ്ങൾ ,പ്രതീക്ഷിത കുട്ടികളുടെ ഭവന സന്ദർശനം , പ്രവേശനോത്സവത്തോടനുബന്ധിച്ചു കുട്ടികളെ സ്വീകരിക്കേണ്ടത് എന്നിവ സംബന്ധിച്ച് ചർച്ച ചെയത് തീരുമാനിക്കേണ്ടതാണ് .

ഒക്ടോബർ 27 മുതൽ 31 വരെയുള്ള കാലയളവിൽ അങ്കണവാടി പ്രവർത്തകരും ALMSC അംഗങ്ങളും ചേർന്ന് പ്രവേശനം നേടേണ്ട കുട്ടികളുടെ ഭവന സന്ദർശനം നടത്തേണ്ടതും രക്ഷകർത്താക്കളെയും കുഞ്ഞുങ്ങളെയും കണ്ട് പ്രീസ്കൂൾ പ്രവേശനം ഉറപ്പ് വരുത്തേണ്ടതുമാണ് .

ഭവന സന്ദർശന വേളയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ അങ്കണവാടികളിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

ALMSC അംഗങ്ങൾ ,രക്ഷിതാക്കൾ എന്നിവരുടെ പങ്കാളിത്തത്തോടെ അങ്കണവാടിയും പരിസരവും വൃത്തിയായാക്കേണ്ടതും പ്രവേശനോത്സവദിവസം അങ്കണവാടി ആകർഷണീയമായ രീതിയിൽ അലങ്കരിക്കേണ്ടതുമാണ്

പ്രവേശനോത്സവത്തിനു ആവശ്യം വരുന്ന ചെലവുകൾ ALMSC യുടെ സഹകരണത്തോടെ കണ്ടെത്തേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

I/122452/2023

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും ,

ശിശു വികസന പദ്ധതി ഓഫീസർമാർക്കും

Signed by Priyanka G
Date: 21-10-2023 14:06:57